## കേരള സർവകലാശാല

നം.പി.ആർ.176/2016 ഫോൺ : 2305738

### പത്രക്കുറിപ്പ്

### അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി

വൈസ് ചാൻസലറുടെ ഓഫീസിൽ അതിക്രമിച്ചു കയറിയതും അദ്ദേഹത്തോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട അജേഷ് വി.വി, മനേഷ് പി, നജീബ് എസ്, ഷാനു വി, വിഷ്ണു കെ.പി എന്നീ അഞ്ച് ഗവേഷണ വിദ്യാർത്ഥികൾ സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലായെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കൂടുതൽ അന്വേഷണങ്ങൾക്കായി വൈസ് ചാൻസലർ പ്രൊഫ. പി.കെ രാധാകൃഷ്ണൻ അഡ്വ. എൻ.എസ് ലാലിനെ (ശ്രീപാദം, പോംങ്ങുംമൂട്, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം) അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി.

### എം.എഡ് പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 26-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് - ദ്വിവത്സരം) പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ ഒന്ന് (50 രൂപ പിഴയോടെ ഒക്ടോബർ നാല്, 250 രൂപ പിഴയോടെ ഒക്ടോബർ ആറ്) വരെ ഫീസ് അടയ്ക്കാം.

### എം.എസ്സി കെമിസ്ട്രി പ്രാക്ടിക്കൽ/വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 14 വരെ രാവിലെ 9.30 മുതൽ 3.30 വരെ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷ മാറ്റി

കേരള സർവകലാശാല കാര്യവട്ടം ഗവ. കോളേജിൽ സെപ്റ്റംബർ 27-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ (328 - 2 (എ)) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 30-ലേക്ക് മാറ്റി.

### ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയുടെ (2014 സ്കീം) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് ഒക്ടോബർ 21 വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

24.09.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in